**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **03-02-2026 - ൽ മറുപടിയ്ക്ക്**

**കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ നിർദ്ദേശിച്ചിരിക്കുന്ന കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതിയുടെ നിലവിലെ ഭരണപരവും സാങ്കേതികവുമായ സ്ഥിതിവിവരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിൽ ആറിന് കുറുകെ കിടങ്ങൂർ കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതിക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടപ്പാക്കി 6 സ്പാനുകളായി 150 മീറ്റർ നീളത്തിലും, ഒരു വശത്ത് ഫുട്പാത്തോടുകൂടിയും 4.30 മീറ്റർ ക്യാരേജ് വേയോടു കൂടിയും ആകെ 6.50 മീറ്റർ വീതിയിലുള്ള പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. വീതി വർദ്ധിപ്പിക്കണം എന്ന ആവശ്യം കൂടി പരിഗണിച്ച് അതിന്റെ ഫീസിബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2024–25 ലെ സംസ്ഥാന ബഡ്ജറ്റിൽ പൊതുമാരാമത്ത് വകുപ്പിനായി സീരിയൽ നമ്പർ 505 ആയി 20% പ്രൊവിഷൻ (ആകെ 600 ലക്ഷം രൂപ) നൽകിയിരിക്കുന്നതിൽ ഇതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല. |
| (സി) | 6.50 മീറ്റർ വീതിയിൽ ഡിസൈൻ ചെയ്തിട്ടുള്ള മിനി ബ്രിഡ്ജിനും അനുബന്ധ അപ്രോച്ചിനുമായി 8 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | പ്രസ്തുത പാലം 6.50 മീറ്റർ വീതിയിലാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. മേൽ ഡിസൈൻ പ്രകാരം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സംരക്ഷണഭിത്തി ഉൾപ്പെടെ 8 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. |
| (ഡി) | ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ (ലാന്റ് അക്വിസിഷൻ) നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ആരംഭിക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളത്; ലഭ്യമായ ഡിസൈൻ അടിസ്ഥാനമാക്കി ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിനും വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമിയുടെയും ഭൂവുടമകളുടെയും വിവരങ്ങൾ സ്വരൂപിക്കേണ്ടതുണ്ട് . കൂടാതെ വില്ലേജിൽ നിന്ന് ഏറ്റെടുക്കേണ്ട ഭൂമിയുടെ ലാൻഡ് വാല്യൂ ലഭ്യമായതിനുശേഷം ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ; ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പ്രദേശത്തെ ഗതാഗത സൗകര്യത്തിലും ടൂറിസം വികസനത്തിലും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | പ്രസ്തുത പ്രവൃത്തിക്കു ഭരണാനുമതി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനു ശേഷം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി യാഥാർഥ്യമാകുന്നതോടു കൂടി കാവാലി പുഴ മിനി ടൂറിസം പ്രദേശത്തേക്ക് ഏറ്റുമാനൂർ പാലാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേരുവാൻ എളുപ്പമാകുന്നതിനും പ്രാദേശിക വികസനത്തിനും കാരണമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ